ഒരാൾ നബി -صلى الله عليه وسلم- യുടെ അടുക്കൽ വരികയും ചില കാര്യങ്ങൾ
അവിടുത്തോട് സംസാരിക്കുകയും ചെയ്തു. അങ്ങനെ അയാൾ
പറഞ്ഞു: "അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ." അപ്പോൾ
നബി -صلى الله عليه وسلم- പറഞ്ഞു: "നീ എന്നെ അല്ലാഹുവിന്
തുല്യനാക്കുകയാണോ?? 'അല്ലാഹു; അവനൊരുവൻ മാത്രം
ഉദ്ദേശിച്ചാൽ' എന്ന് നീ പറയുക
ُه عَنْهُ َما- ്ബാസ്അബ ുന്ഇബ

َ ِض َي الل
ر- നിവേദനം: ഒരാൾ നബി -صلى الله عليه وسلم- യുടെ അടുക്കൽ വരികയും ചില
കാര്യങ്ങൾ അവിടുത്തോട് സംസാരിക്കുകയും ചെയ്തു. അങ്ങനെ അയാൾ പറഞ്ഞു: "അല്ലാഹുവും
താങ്കളും ഉദ്ദേശിച്ചാൽ." അപ്പോൾ നബി -صلى الله عليه وسلم- പറഞ്ഞു: "നീ എന്നെ അല്ലാഹുവിന്
തുല്യനാക്കുകയാണോ?? 'അല്ലാഹു; അവനൊരുവൻ മാത്രം ഉദ്ദേശിച്ചാൽ' എന്ന് നീ പറയുക."
[إسناده حسن] [رواه ابن ماجه والنسائي في الكبرى وأحمد]
ഒരിക്കൽ ഒരാൾ നബി -صلى الله عليه وسلم- യുടെ അരികിൽ വരികയും, അവിടുത്തോട് തൻ്റെ എന്തോ ഒരു വിഷയം
സംസാരിക്കുകയും ചെയ്തു. അങ്ങനെ അയാൾ പറഞ്ഞു: "അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ." നബി -
صلى الله عليه وسلم- ഈ വാക്ക് ശക്തമായി എതിർത്തു. സൃഷ്ടികളുടെ ഉദ്ദേശ്യത്തെ അല്ലാഹുവിൻ്റെ
ഉദ്ദേശ്യത്തോട് ചേർത്തു 'അല്ലാഹുവിൻ്റെയും ഇന്നയാളുടെയും ഉദ്ദേശ്യം' എന്ന് പറയൽ
ചെറിയ ശിർക്കിൽ ഉൾപ്പെടുന്നതാണ് എന്ന് അറിയിക്കുകയും ചെയ്തു. അതിനാൽ അങ്ങനെ പറയൽ ഒരു
മുസ്ലിമിന് അനുവദനീയമല്ല. ശേഷം പറയേണ്ട ശരിയായ രൂപം നബി -صلى الله عليه وسلم- അയാൾക്ക് പഠിപ്പിച്ചു
കൊടുത്തു. 'അല്ലാഹു; അവൻ മാത്രം ഉദ്ദേശിച്ചാൽ' എന്നാണ് പറയേണ്ടത്. അല്ലാഹുവിൻ്റെ
ഉദ്ദേശ്യത്തിലും തീരുമാനത്തിലും അവൻ ഏകനാണ്. അതിൽ മറ്റൊരാളെയും യാതൊരു രൂപത്തിലും
ഒരേ നിലയിൽ ചേർത്തു പറയാൻ പാടില്ല.
https://www.sunnah.global/hadeeth/ml/show/5928